ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി *(ശ്രീ. വക്കം പുരുഷോത്തമൻ)* :

(എ) 21-6-2005 മുതൽ ഒരു ലിറ്റർ പെട്രോളിന് 9.50 രൂപയും ഡീസലിന് 6.14 രൂപയും വില്പനനികുതിയായി ഉപഭോക്താക്കളിൽനിന്നും ഈടാക്കുന്നുണ്ട്.

(ബി) 2004-2005 സാമ്പത്തിക വർഷത്തിൽ ഡീസലിൽനിന്നും 816.18 കോടി രൂപയും പെട്രോളിൽനിന്ന് 521.48 കോടി രൂപയും നികുതിയിനത്തിൽ ലഭിച്ചു.

(സി) ഇക്കാര്യം ഇപ്പോൾ പരിഗണനയിൽ ഇല്ല.

മധുര-കോട്ടയം റെയിൽപ്പാത നിർമ്മാണം

*4 [272] *ശ്രീ. തോമസ് ചാഴികാടൻ:*

,, *റോഷി അഗസ്റ്റിൻ:*

,, *കെ. നാരായണക്കുറുപ്പ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മധുര-കോട്ടയം റെയിൽപ്പാത നിർദ്ദിക്കുന്നതു സംബന്ധിച്ചുള്ള പ്രാഥമിക സർവ്വേ പൂർത്തിയായിട്ടുണ്ടോ;

(ബി) ഈ റെയിൽപ്പാത ഏതെല്ലാം പ്രദേശങ്ങളിലൂടെയാണ് കടന്നു പോകുന്നതെന്ന് അറിയിക്കാമോ;

(സി) മധുര-കോട്ടയം റെയിൽപ്പാത നിർമ്മാണത്തിന് എത്രകോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നുണ്ട്;

(ഡി) ഈ പദ്ധതി എന്നത്തേക്ക് ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി *(ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ)* :

(എ) ഇല്ല.

(ബി) തമിഴ്നാട്ടിലെ ബോഡിനായ്ക്കന്നൂർ, കേരളത്തിലെ തൊടുപുഴ, പാലാ, കിടങ്ങൂർ, കുമാരനെല്ലൂർ എന്നിവിടങ്ങൾവഴിയാണ് കടന്നുപോകാനുദ്ദേശിക്കുന്നത്.

(സി) പൂർണ്ണമായും കണക്കാക്കപ്പെട്ടിട്ടില്ല.

(ഡി) എത്രയും വേഗം ആരംഭിക്കണമെന്നാണ് ഉദ്ദേശിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly